**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1894** **20-06-2024 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ ആർ.സി. ബുക്ക് വിതരണം തടസ്സപ്പെട്ടുവാൻ ഉണ്ടായ സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ ആർ.ടി.ഒ.കളിലും പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെയും നിലവിലുള്ളവയുടെ ഉടമസ്ഥവകാശം മാറ്റുന്ന വാഹനങ്ങളുടെയും ആർ.സി. ബുക്കുകളുടെ വിതരണം തടസ്സപ്പെട്ടുവാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (എ) | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ ഡ്രൈവിംഗ് ലൈസൻസ് എന്നിവ പിവിസി പെറ്റ് ജി കാർഡിൽ പ്രിന്റ് ചെയ്യുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസിയായ ഐ.ടി.ഐ. ലിമിറ്റഡിന് നൽകുവാൻ ഉണ്ടായിരുന്ന തുക കുടിശ്ശിക ആയതിനാലാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ വിതരണം നേരത്തെ തടസ്സപ്പെട്ടിരുന്നത്. ടി തുക അടച്ചു തീർത്തതിനുശേഷം പ്രിന്റിംഗ് പുനരാരംഭിച്ചു. നിലവിൽ കാർഡുകളുടെ വിതരണം തടസ്സമില്ലാതെ നടന്ന പോരുന്നുണ്ട്. |
| (ബി) | ആർ.ടി.ഒ. സേവനം ആവശ്യമുള്ളവർ ഓൺലൈൻ ആയും നേരിട്ടും മുൻകൂർ ഫീസ് അടച്ച് മാസങ്ങൾ കാത്തിരിക്കേണ്ട സാഹചര്യം ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; നിലവിൽ അച്ചടിച്ച് നൽകേണ്ട ആർ.സി. ബുക്കുകളുടെ എണ്ണം (പുതിയ വാഹനങ്ങൾ/ ഓണർഷിപ്പ് ചേഞ്ച് നടത്തിയവ) ജില്ല തിരിച്ച് നൽകാമോ; | (ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ ഡ്രൈവിംഗ് ലൈസൻസ് എന്നിവ പിവിസി പെറ്റ് ജി കാർഡിൽ പ്രിന്റ് ചെയ്യുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസിയായ ഐ.ടി.ഐ. ലിമിറ്റഡിന് നൽകുവാൻ ഉണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും നൽകുകയും കാലതാമസം വരാതെ പ്രിന്റിംഗ് നടത്തുവാൻ ഐ.ടി.ഐ. ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.സംസ്ഥാനത്ത് നിലവിൽ ഏകദേശം 480000 ത്തോളം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ പ്രിന്റിംഗ് ചെയ്യേണ്ടതായിട്ടുണ്ട്. പൂർണ്ണതോതിൽ പ്രിന്റിംഗ് നടക്കുന്നതിനാൽ ഒരു മാസത്തിനുള്ളിൽ തന്നെ ഇവ പൂർണ്ണമായും പ്രിന്റ് ചെയ്യുവാൻ സാധിക്കുന്നതാണ്. സെൻട്രലൈസ്ഡ് പ്രിന്റിംഗ് ആയതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാഹനങ്ങളുമായും, വാഹന ഉടമകളുമായും ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് ചുമത്തിയ പിഴ എത്രയാണ്; വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) | വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

**ഈടാക്കിയ പിഴ**

| | |
|---|---|
| 2021-22 | 930101303 |
| 2022-23 | 1526591951 |
| 2023-24 | 3612338942 |
| 2024 ഏപ്രില് | 162854037 |
| 2024 മെയ് | 189690461 |
| ആകെ | 6421576694 |

**2022-2023**

| | |
|---|---|
| തിരുവനന്തപുരം | 130199106 |
| കൊല്ലം | 99688022 |
| പത്തനംതിട്ട | 43882697 |
| ആലപ്പുഴ | 65593771 |
| ഇടുക്കി | 56794824 |
| കോട്ടയം | 114017916 |
| എറണാകുളം | 173702031 |
| തൃശ്ശൂർ | 163552448 |
| പാലക്കാട് | 119273114 |

| | |
|---|---|
| മലപ്പുറം | 93290071 |
| കോഴിക്കോട് | 60266290 |
| വയനാട് | 36710050 |
| കണ്ണൂർ | 82368385 |
| കാസർഗോഡ് | 51899437 |
| **2023- 2024** | |
| തിരുവനന്തപുരം | 151116553 |
| കൊല്ലം | 96044834 |
| പത്തനംതിട്ട | 31145665 |
| ആലപ്പുഴ | 52520429 |
| ഇടുക്കി | 105259219 |
| കോട്ടയം | 141031489 |
| എറണാകുളം | 221538775 |
| തൃശ്ശൂർ | 256181040 |
| പാലക്കാട് | 324132054 |
| മലപ്പുറം | 165074239 |
| കോഴിക്കോട് | 373628357 |
| വയനാട് | 34474897 |
| കണ്ണൂർ | 239457620 |
| കാസർഗോഡ് | 87120461 |